മരണമേ! വിഷമെങ്ങു? നിൻറെ വിജയവുമെവിടെ?

എന്നേശു മരണത്തെ ജയിച്ചു! നിനക്കു സ്തുതി ഹല്ലേലുയ്യ! -2

തൻ ക്രൂശിൽ ഞാനും ഹാ! മരിച്ചു-നിത്യമാം ജീവൻ കൈവരിച്ചു -2

തന്നിൽ ഞാൻ സർവ്വവും ലയിച്ചു -2    ഹല്ലേലുയ്യ

മരണമേ...

എൻ ജീവൻ ക്രിസ്തുവിൽ ഭദ്രം മനമേ പാടുക സ്തോത്രം -2

എന്നഭയം-തൻ കൃപമാത്രം -2  ഹല്ലേലുയ്യ

മരണമേ...

വൃഥാവിൽ അല്ല ഞാൻ ചെയ്യും പ്രയത്നം ഒടുവിൽ ഞാൻ കൊയ്യും

തടയുവാനില്ലൊരു കൈയും -2  ഹല്ലേലുയ്യ

മരണമേ...

പ്രത്യാശ അറ്റവരെപ്പോൽ അല്ല നാം-ക്രിസ്തുവിൽ മരിപ്പോർ

ഉയിർക്കും താൻ വരുമപ്പോൾ -2  ഹല്ലേലുയ്യ

മരണമേ...

സ്വർല്ലോക കാഹളം ധ്വനിക്കും മരിച്ചോർ അക്ഷണമുയിർക്കും -2

തൻ തേജസ്സ-ക്ഷയം ധരിക്കും  -2  ഹല്ലേലുയ്യ

മരണമേ...

എൻ ദേഹം മൺമയമെന്നാൽ ഇനിയും താൻ വരുമന്നാൾ -2

വിളങ്ങും തേജസ്സിൽ നന്നായ്-2  ഹല്ലേലുയ്യ

മരണമേ...

Maraname! Vishamengu? Nin̽te vijayavumevide?

enneshu maranatthe jayicchu! Ninakku sthuthi halleluyya! -2

Than̽ krooshil̽ njaanum haa! Maricchu-nithyamaam jeevan̽ kyvaricchu -2

thannil̽ njaan̽ sar̽vvavum layicchu -2    halleluyya

maraname...

En̽ jeevan̽ kristhuvil̽ bhadram maname paaduka  sthothram -2

ennabhayam-than̽ krupamaathram -2  halleluyya

maraname...

Vruthaavil̽ alla njaan̽ cheyyum prayathnam oduvil̽ njaan̽ koyyum

thadayuvaanilloru kyyum -2  halleluyya

maraname...

Prathyaasha attavareppol̽ alla naam-kristhuvil̽ marippor̽

uyir̽kkum thaan̽ varumappol̽ -2  halleluyya

maraname...

Svar̽lloka kaahalam dhvanikkum maricchor̽ akshanamuyir̽kkum -2

than̽ thejasa-kshayam dharikkum  -2  halleluyya

maraname...

En̽ deham man̽mayamennaal̽ iniyum thaan̽  varumannaal̽ -2

vilangum thejasil̽ nannaayu -2  halleluyya

maraname...

nga.Ru.l